# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :12.08.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2020 ഒക്ടോബർ മുതൽ 2020 ഡിസംബർ വരെയും 2021 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ളതുമായ കാലയളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കമ്മീഷൻ അംഗീകരിച്ച ഇന്ധനചിലവിനേക്കാൾ, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധികബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള അപേക്ഷ കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ മുൻപാകെ യഥാക്രമം 29.01.2021നും, 05.05.2021നും സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകൾ (OP No. 26/2021 & OP No. 27/2021) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിന് നേരിട്ടുള്ള പൊതുതെളിവെടുപ്പ്, 26.08.2021 ന് രാവിലെ 11 മണിക്ക്പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസ്, പത്തടിപ്പാലം, എറണാകുളത്ത് വച്ച് കമ്മീഷൻ നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യം ഉള്ളവർ 25.08.2021ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും ഇ-മെയിൽ അഡ്രസ്സും മറ്റു വിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷന്റെ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ടി പൊതുതെളിവെടുപ്പ് കൃത്യമായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാകും നടത്തപ്പെടുന്നത്. ടി തെളിവെടുപ്പിൽ പങ്കെടുക്കുന്ന എല്ലാവരും മാസ്ക് ധരിച്ചു എത്തുകയും, കൃത്യമായ സാമൂഹിക അകലം പാലിക്കുകയും ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ / ഇ-മെയിൽ മുഖേന ലഭിക്കുന്ന അഭിപ്രായങ്ങൾ, സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 27.08.2021, 5:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി-ഇൻ-ചാർജ്ജ്